**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2017-ലെ ഹോമിയോ, ആയുർവേദ, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും മറ്റ് മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള സ്പോട്ട് അലോട്ട്മെന്റ്

2017-ലെ ഹോമിയോ, ആയുർവേദ, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലെയും, അഗ്രികൾച്ചർ, ഫോറസ്ട്രി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലെയും ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി ഒരു സ്പോട്ട് അലോട്ട്മെന്റ് **2017 ഒക്ടോബർ 23 (തിങ്കളാഴ്ച) രാവിലെ 9.30 ന് തിരുവനന്തപുരം, ഗവ: ആയുർവേദ കോളേജ് കാമ്പസിലുള്ള അനാട്ടമി ഹാളിൽ** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്. 23.10.2017 ന് സ്പോട്ട് അലോട്ട്മെന്റ് നടപടികൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ 24.10.2017 ന് സ്പോട്ട് അലോട്ട്മെന്റ് പ്രക്രിയ തുടരുന്നതാണ്. **16.10.2017 ലെ സർക്കാർ കത്തിലെ നിർദ്ദേശം അനുസരിച്ച് സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിലെ ഒഴിവുള്ള സർക്കാർ സീറ്റുകൾ ഈ സ്പോട്ട് അലോട്ട്മെന്റിൽ നികത്തുന്നതാണ്.** വെറ്ററിനറി കോഴ്സിലെ സീറ്റുകൾ സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ വെറ്ററിനറി കോഴ്സിൽ ഒഴിവുവരുന്ന സീറ്റുകൾ സ്പോട്ട് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

**സ്പോട്ട് അലോട്ട്മെന്റിന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **22.10.2017 ഉച്ചയ്ക്ക് 1** മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2017-Candidate Portal'** എന്ന ലിങ്ക് വഴി ലോഗ്–ഇൻ ചെയ്ത് **'സ്പോട്ട് അലോട്ട്മെന്റ് രജിസ്ട്രേഷൻ'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **'സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പ്'** ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഈ സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പുമായി സ്പോട്ട് അലോട്ട്മെന്റിന് ഹാജരാകേണ്ടതാണ്.

പ്രോസ്പെക്ടസ് ക്ലോസ് 11.6.9 ന് അനുസൃതമായി നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

(i) സ്പോട്ട് അലോട്ട്മെന്റ് ഓരോ കോളേജിലും ഒഴിവുള്ള സീറ്റുകളിലേയ്ക്കാണ് നടത്തുന്നത്.

(ii) ഒരേ കോഴ്സിന് ഒരു സർക്കാർ/ എയ്ഡഡ് കോളേജിൽ നിന്ന് മറ്റൊരു സർക്കാർ/ എയ്ഡഡ് കോളേജിലേയ്ക്കോ, ഒരു സ്വാശ്രയ കോളേജിൽ നിന്നും മറ്റൊരു സ്വാശ്രയ കോളേജിലേയ്ക്കോ മാറ്റം അനുവദിക്കുന്നതല്ല.

(iii) ഒരു കോഴ്സിൽ നിന്നും മറ്റൊരു കോഴ്സിലേയ്ക്കോ, ഒരേ കോഴ്സിൽ തന്നെ സ്വാശ്രയ കോളേജിൽ നിന്നും സർക്കാർ/ എയ്ഡഡ് കോളേജിലേയ്ക്കോ മറിച്ചോ മാറ്റം അനുവദിക്കുന്നതാണ്.

(iv) നിലവിൽ മേൽപ്പറഞ്ഞ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിലൂടെ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർ ഒഴിവാക്കപ്പെടുന്ന സീറ്റുകളും അപ്പപ്പോൾ തന്നെ നികത്തുന്നതാണ്.

(v) നിലവിൽ ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾ വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ അസ്സൽ എന്നിവ സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

(vi) സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം 24.10.2017 ന് അവസാനിപ്പിക്കേണ്ടുന്നതിനാൽ ഈ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ വിടുതൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ അസ്സൽ രേഖകളും ഹാജരാക്കേണ്ടതാണ്. അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി ഈ കോളേജുകളുടെ അധികാരികൾ സ്പോട്ട് അലോട്ട്മെന്റ് ഹാളിൽ സന്നിഹിതരായിരിക്കുന്നതാണ്.

(vii) സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ് തുകയായ 75000/– രൂപ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്.

(viii) പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ മെഡിക്കൽ/ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

**ഓരോ കോഴ്സിലെയും ഒഴിവുള്ള സീറ്റുകളുടെ വിവരം, ഫീസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ** **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
20.10.2017

Santhoshkumar

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**

**ഫീസ് നിരക്ക്:**

| | | |
|---|---|---|
| **ഹോമിയോപ്പതി (BHMS)** | **സർക്കാർ/എയ്ഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ** | **Rs.2,087/-** |
| **ആയുർവേദ (BAMS)** | **സർക്കാർ/എയ്ഡഡ് ആയുർവേദ മെഡിക്കൽ കോളേജുകൾ** | **Rs.12,000/-** |
| | **സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകൾ** | **50% Govt. Seats** |
| | | **Rs.75,000/-** |
| **സിദ്ധ (BSMS)** | **സ്വകാര്യ സ്വാശ്രയ സിദ്ധ മെഡിക്കൽ കോളേജ്** | **50% Govt. Seats** |
| | | **Rs.75,000/-** |
| **യുനാനി (BUMS)*** | **സ്വകാര്യ സ്വാശ്രയ യുനാനി മെഡിക്കൽ കോളേജ്** | **50% Govt. Seats** |
| | | **Rs.75,000/-** |
| അഗ്രികൾച്ചർ [ബി.എസ്.സി (Hons) അഗ്രികൾച്ചർ] | കേരള **അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ** | 7,500/- രൂപ (Per Semester Tuition Fee) |
| ഫോറസ്ട്രി [ബി.എസ്.സി (Hons) ഫോറസ്ട്രി] | | |
| ഫിഷറീസ് [ബി.എഫ്.എസ്.സി] | കേരള **ഫിഷറീസ് & ഓഷ്യൻ സയൻസ് യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ** | **Rs.6,050/-** (Per Semester Tuition Fee) |

*BUMS കോഴ്സിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ KEAM 2017 പ്രോസ്പെക്ടസിലെ ക്ലോസ് 6.2.1 (a) (iii) പ്രകാരമുള്ള യോഗ്യത നേടിയിരിക്കണം